നിലവിൽ മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ നിശ്ചിത അളവ് മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. മത്സ്യഫെഡിന്റെ ബങ്കുകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നുമുണ്ട്.

**ടൗട്ടെ, യാസ് ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ**

252 (558) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായി ഉണ്ടായ പേമാരിയും കടലേറ്റവും കാരണവും യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്താലും കൊച്ചി മണ്ഡലത്തിലെ നൂറുകണക്കിന് കുടുംബങ്ങൾ ദുരിതക്കയത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ചെല്ലാനം തീരത്തെ ഇത്തരം കുടുംബങ്ങളുടെ സഹായത്തിനായി സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയെന്നും ആയതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ടൗട്ടെ ചുഴലിക്കാറ്റുമൂലം ദുരിതമനുഭവിച്ച ചെല്ലാനത്തെ 3231 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുകയും കൂടാതെ 6018 രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്ക് 1200 രൂപ വീതം 72,21,600 രൂപ അടിയന്തര ധനസഹായമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) അടിക്കടിയുണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭത്താൽ ചെല്ലാനം തീരദേശവാസികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പഠിച്ച് ചെല്ലാനത്തെ 'മാതൃക മത്സ്യഗ്രാമം' ഉൾപ്പെടെയുള്ള മാതൃക തീരദേശ പ്രദേശമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെല്ലാനം മത്സ്യഗ്രാമ പദ്ധതിക്ക് സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിയെ (കുഫോസ്) ചുമതലപ്പെടുത്തുകയും കുഫോസ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട എം. പി., എം. എൽ. എ., ജില്ലാ കളക്ടർ തുടങ്ങിയവർ ഉൾപ്പെടുന്ന അഡ്വൈസറി കമ്മിറ്റിയും മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.എ.ഡി.സി അദ്ധ്യക്ഷനായി ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കുടുംബങ്ങൾ കഴിയുന്ന തീരദേശവാസികളുടെ പുനരധിവാസം**

253 (559) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരപ്രദേശത്ത് ടൗട്ടേ, യാസ് എന്നീ ചുഴലിക്കാറ്റുകൾമൂലമുണ്ടായ കടൽക്ഷോഭത്തിൽ ആയിരത്തിലേറെ കുടുംബങ്ങൾ വീടുകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റിയ സർക്കാർ സ്കൂളുകളിലും മറ്റ് ക്യാമ്പുകളിലും കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് കൊറോണ വൈറസിന്റെ തീവ്രത കുറയാത്ത സാഹചര്യത്തിലും കോവിഡ് മൂന്നാം തരംഗം കേരളത്തെ രൂക്ഷമായി ബാധിക്കുമെന്ന് ആരോഗ്യ വിദഗ്ധർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും ഇത്തരം ക്യാമ്പുകളിൽ ഒരു മുറിയിൽ ഒന്നിലേറെ കുടുംബങ്ങൾ ഒരുമിച്ചു താമസിക്കുന്നത് കൊറോണ വ്യാപനം അതിരൂക്ഷമാക്കാനുള്ള സാധ്യതയുണ്ടെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 3000 ത്തോളം മത്സ്യത്തൊഴിലാളികളെ ടൗട്ടേ, യാസ് ചുഴലിക്കാറ്റിനെ തുടർന്ന് വിവിധ ജില്ലകളിൽ റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റിയിരുന്നു. ക്യാമ്പുകളിൽ കോവിഡ് വ്യാപനം ഒഴിവാക്കുന്നതിന് റവന്യൂ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവ മുഖേന മുൻകരുതൽ സ്വീകരിച്ചിരുന്നു. നിലവിൽ ചില ജില്ലകളിൽ പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ വളരെ കുറച്ച് ആൾക്കാർ മാത്രമാണ് താമസിക്കുന്നത്. ബാക്കിയുള്ളവർ ചുഴലിക്കാറ്റിന്റെ തീവ്രത കുറഞ്ഞപ്പോൾ